## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6126** **28.10.2011 ൽ മറുപടിയ്ക്ക്**

### ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം

**ചോദ്യം** **ഉത്തരം**

**ശ്രീ. ജി. എസ്. ജയലാൽ :** **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയ ഓണം ബംബർ ഭാഗ്യക്കുറിയിൽ നിന്ന് സർക്കാർ ഖജനാവിലേക്ക് എത്ര രൂപയുടെ വരുമാനമുണ്ടായെന്ന് അറിയിക്കാമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയ ഓണം ബമ്പർ ഭാഗ്യക്കുറിയ്ക്ക് 60,46,11,000 രൂപ വിറ്റ് വരവും, 27,55,07,596 രൂപ ലാഭവും ഉണ്ടായിട്ടുണ്ട്. |
| (ബി) | നിർദ്ധനരും രോഗികളുമായ ആൾക്കാരുടെ ക്ഷേമം മുൻനിർത്തി സർക്കാർ ഭാഗ്യക്കുറി ആരംഭിച്ചിട്ടുണ്ടോ ; | (ബി) | രോഗികളുടെ ചികിത്സയ്ക്കുള്ള ധനസഹായം നൽകുന്നതിനായി 'കാരുണ്യ' എന്ന ഭാഗ്യക്കുറി ആരംഭിച്ചിട്ടുണ്ട് |
| (സി) | എങ്കിൽ ഇതിൽ നിന്ന് ലഭിക്കുന്ന വരുമാനം എന്തിനു വേണ്ടി വിനിയോഗിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ; വിശദാംശം അറിയിക്കാമോ ; | (സി) | 'കാരുണ്യ' ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം കാൻസർ രോഗികൾക്കും, വൃക്ക, ഹൃദയ സംബന്ധമായ രോഗങ്ങളുള്ളവർക്കും, പാലിയേറ്റീവ് കെയർ രോഗികൾക്കും ചികിത്സയ്ക്കുള്ള ധനസഹായം നൽകുന്നതിനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരു സഞ്ചിത നിധി രൂപീകരിക്കുന്നതിനും ധന വിനിയോഗത്തിനായി സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | എത്ര കോടി ഉണ്ടെന്നും അറിയിക്കാമോ ; | | |
| (ഇ) | മേൽപ്പറഞ്ഞ തുക ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിയമപരമായി തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദാംശം അറിയിക്കുമോ ? | (ഇ) | കൈപ്പറ്റാത്ത തുക പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. ടിക്കറ്റ് വിൽപ്പന വരുമാനം ട്രഷറിയിൽ അടച്ച ശേഷം സമ്മാനത്തുക, കമ്മീഷൻ, മറ്റ് ചെലവുകൾക്കുള്ള തുക എന്നിവ പിൻവലിക്കുകയാണ് ചെയ്യുന്നത്. ബാക്കിയുള്ള തുക ലാഭമായി കണക്കാക്കുന്നു |

Chandni/2

**സെക്ഷൻ ഓഫീസർ**